നം. 4302/2012/ എൽഎൽ.എംറ്റി.എ.2/സി.ഇ.ഇ

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

# വിജ്ഞാപനം

## 2012-13 എൽ.എൽ.എം. കോഴ്സ് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ടുമെന്റ്

സർക്കാർ ലോ കോളേജുകളിലെ 2012-13 എൽ.എൽ.എം. കോഴ്സ് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ടുമെന്റ്, **2013 ഫെബ്രുവരി 21-ാം തീയതി തിരുവനന്തപുരം, ശാന്തിനഗർ, ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സിലുള്ള പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസിൽ** വച്ച് റാങ്ക് അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ള സമയക്രമമനുസരിച്ച് നടത്തുന്നതാണ്.

| അലോട്ടുമെന്റ് സമയക്രമം | | |
|---|---|---|
| **തീയതി** | **റിപ്പോർട്ട് ചെയ്യാനുള്ള സമയം** | **റാങ്ക്** |
| 21.02.2013 (വ്യാഴാഴ്ച) | 09.30 am | 1 - 25 |
| | 11.00 am | 26-50 |
| | 12.00 noon | 51-75 |
| | 01.30 pm | 76-150 |
| | 3.00 pm | 151-241 |

**കുറിപ്പ്: വിദ്യാർത്ഥികൾ മുകളിൽ ചേർത്തിരിക്കുന്ന സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ റാങ്കും അവർ ഹാജരാകുന്ന സമയത്തുള്ള ഒഴിവുകളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്.**

കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കുന്നവർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്, പ്രോസ്പെക്ടസ് ക്ലോസ് 16(9) ൽ വ്യവസ്ഥ ചെയ്ത പ്രകാരം വിദ്യാഭ്യാസ യോഗ്യത, ജനനതീയതി മുതലായവ തെളിയിക്കുന്ന അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്. **അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല.** വിദ്യാർത്ഥികൾ അവരവരുടെ റാങ്ക് അനുസരിച്ച് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സമയത്ത് തന്നെ നേരിട്ടോ പ്രോസ്പെക്ടസ്സിലെ അനുബന്ധം I പ്രകാരമുള്ള അധികാരപത്രവുമായി പ്രതിനിധി മുഖേനയോ അലോട്ടുമെന്റിന് ഹാജരാകേണ്ടതാണ്.

അലോട്ട്മെന്റ് സമയത്ത് ഫീസ് ശേഖരിക്കുന്നതല്ല. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ബാധകമായ എല്ലാ ഫീസും അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജുകളിൽ അടയ്ക്കേണ്ടതാണ്.

ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകുവാനുള്ള സൗകര്യം അലോട്ട്മെന്റ് കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. **കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.**

<u>പ്രവേശന തീയതി:-</u> അലോട്ടുമെന്റ് ലഭിക്കുന്നവർ **2013 ഫെബ്രുവരി 22 മുതൽ 25 വരെയുള്ള** തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

കോളേജ് പ്രിൻസിപ്പൽമാർ 26.02.2013 വൈകുന്നേരം 5 മണിക്കുള്ളിൽ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം

08.02.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**